വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്:) സർ, ഈ പാലാവിദ്യാഭ്യാസജില്ല ഏറ്റവും വലിയ വിദ്യാഭ്യാസ ജില്ലയാണെണുള്ളത് ശരിയല്ല. ആ ജില്ലയിൽ 87 സ്കൂളുകളാണുള്ളത്. അതിനേക്കാൾ കൂടുതൽ സ്കൂളുകളുള്ള കാസർകോട്, കൊട്ടാരക്കര, ആലുവ, ആലപ്പുഴ എന്നീ വിദ്യാഭ്യാസ ജില്ലകളിൽ 100-ഉം അതിൽ കൂടുതലുമുണ്ട്. ഈ പാലാവിദ്യാഭ്യാസജില്ല വിഭജിച്ച് കടുത്തുരുത്തി ആസ്ഥാനമാക്കി പുതിയൊരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്നുള്ള ഒരു പ്രൊപ്പോസലുണ്ട്. അതിനെക്കുറിച്ച് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് അനുകൂലമായിട്ടുള്ള ഒരു സമീപനമാണ് എടുത്തിട്ടുള്ളത്. പക്ഷേ പണത്തിന്റെ ലഭ്യതക്കുറവാണ് ഇത് ആരംഭിക്കുന്നതിനുള്ള തടസ്സമായിട്ട് നിൽക്കുന്നത്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനനുസൃതമായി ഈ ജില്ല കൂടി വിഭജിക്കുന്നതാണ്.

(15) കണ്ണൂർ നഗരത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ നിയമസഭയിൽ കണ്ണൂർ എം. എൽ. എ. ശ്രീ. ഭാസ്കരനും, തലശ്ശേരി എം. എൽ. എ. ശ്രീ. കോടിയേരി ബാലകൃഷ്ണനും പിന്നീടൊരിക്കൽ ഞാനും പലവട്ടം ഉന്നയിച്ച ഒരു പ്രശ്നമാണ് നിർഭാഗ്യവശാൽ വീണ്ടും ഉന്നയിക്കേണ്ടിവന്നിട്ടുള്ളത്. കണ്ണൂരിലെ ശുദ്ധജലവിതരണപദ്ധതി വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ്. പക്ഷേ അതിനുശേഷം സമീപ പഞ്ചായത്തുകളിലും തലശ്ശേരി മുനിസിപ്പാലിറ്റിയിലും അതിന് വെള്ളം കൊടുക്കേണ്ടിവന്നു. ഏറ്റവും ഒടുവിലത്തെ അവസ്ഥ കഴിഞ്ഞ ഒരാഴ്ചയായി കണ്ണൂർ നഗരത്തിൽ വെള്ളമില്ല. ഒരു മാസമായി പരിസരപ്രദേശങ്ങളിൽ വെള്ളമില്ല. തലശ്ശേരി മുനിസിപ്പാലിറ്റിയിലെയും സ്ഥിതി മറിച്ചല്ല. ഞാൻ ചുരുക്കിപ്പറയുകയാണ്. ഇതിനുവേണ്ടി 1934-ൽ ഈ പ്രശ്നം രൂക്ഷമായപ്പോൾ അന്ന് ചില പ്രത്യേക അടിയന്തിര പരിപാടികൾ ആവിഷ്കരിച്ചാൽ ഉള്ള വെള്ളമെങ്കിലും ഒരു സമയക്രമപ്രകാരം വിതരണം ചെയ്യാൻ കഴിയുമെന്നുള്ള ഒരു നിഗമനത്തിലെത്തിച്ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ഇടക്കാല പദ്ധതി സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു. അത് 173 ലക്ഷം രൂപയുടേതാണ്. ചെറിയ സംഖ്യയാണത് എന്നൊന്നും ഞാൻ പറയുകയില്ല. പക്ഷേ അതിന്റെ പ്രവർത്തനം ഭാഗികമായെങ്കിലും പടിപടിയായി ചെയ്തുതീർക്കുന്നതിനുവേണ്ടിയുള്ള കാര്യക്ഷമമായ ഒരു സമീപനം എന്തുകൊണ്ടോ വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇപ്പോഴും ആ പ്രദേശത്തെ പൈപ്പ്...,....ഏറ്റവും ചുരുങ്ങിയത് ഉള്ള വെള്ളമെങ്കിലും കൃത്യസമയത്ത് എത്തിക്കുന്നതിനുവേണ്ടി നിലവിലുള്ള പൈപ്പു മാറ്റുന്നതിനുള്ള നിർദ്ദേശംപോലും പരിഗണിയ്ക്കാനോ അതിനാവശ്യമായ ഫണ്ട് കൊടുക്കുന്നതിനോ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കണ്ണൂരിലെ ഈ ശുദ്ധജലവിതരണ പ്രശ്നത്തിന് എങ്ങനെയൊരു പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഒരു ഉന്നതതലചർച്ച നടത്തുകയും ആവശ്യമായത്ര ഫണ്ട് കൊടുത്തുകൊണ്ട് ഈ പരിപാടി ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുകയും വേണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നൂറിൽ ഏഴുപത്തെട്ടു

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപയുടെ ഒരു ഇടക്കാല ആഗ്മെന്റേഷൻ സ്കീമാണ് നടക്കുന്നത്. അഞ്ചരക്കണ്ടിപുഴ മുതൽ ശുദ്ധീകരണശാലവരെയുള്ള പഴയ കോൺക്രീറ്റ് പമ്പിംഗ് മെയിൻ പൈപ്പിനുപകരം കാസ്റ്റ് അയേൺ പൈപ്പ് സ്ഥാപിക്കുക, മൈലാടി ശുദ്ധീകരണശാല സ്ഥാപിക്കുക, മൈലാടി-തലശ്ശേരി, മൈലാടി-വെണ്ണൂർ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുക, കണ്ണൂരിൽ രണ്ടു പുതിയ ടാങ്ക് നിർമ്മിക്കുക തുടങ്ങി വിവിധങ്ങളായ പണികൾക്കുവേണ്ട 178 ലക്ഷം രൂപയുടെ ഒരു പദ്ധതിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ ടാങ്ക് പണിയുടെയും പമ്പിംഗ് മെയിനിന്റെയും പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കി പണി തീർക്കാനുണ്ട്. എന്റെ കൈവശമുള്ള തുക പരിമിതമാണ്, എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻറിച്ചറിന് കൊടുക്കാനുള്ള തുകയേ വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളമുള്ളുവെന്നുള്ള എന്റെ വളരെ പരാധീനത ബഹുമാനപ്പെട്ട സഭാംഗങ്ങൾ മനസ്സിലാക്കണമെന്നു മാത്രമേ പറയുന്നുള്ളൂ. ഏതായാലും വിവേചപരിമിതിക്കകത്ത് നിന്നുകൊണ്ട് ഈ പണി എത്രയുംവേഗം പൂർത്തിയാക്കാൻ ഞാൻ ശ്രമിക്കും. കണ്ണൂർ ടൗണിനെ സംബന്ധിച്ചിടത്തോളം ജല ലഭ്യതയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിവതും പരമാവധി നടപടികൾ സ്വീകരിക്കാൻ വേണ്ടി ഉദ്യോഗസ്ഥൻമാരുടെ ഒരു കോൺഫറൻസ് അടുത്തദിവസം വിളിച്ചുകൂട്ടി. അതിന് ഇനിയും ഫാളോ അപ്പ് ആക്ഷൻ നടത്തുന്നതാണ് എന്ന് ഞാൻ അറിയിച്ചുകൊള്ളട്ടെ.

(16) ട്രാവൻകൂർ റയോൺസിന്റെ പുനരുദ്ധാരണം

ശ്രീ. പി.പി. തങ്കച്ചൻ: സർ, ഒരു പക്ഷേ ഈ 7-ാം കേരള നിയമസഭയിൽ ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ ഏറ്റവും കൂടുതൽ പ്രാവശ്യം അവതരിപ്പിച്ച ഒരു പ്രശ്നം ഞാൻ വീണ്ടും ഞാൻ അവതരിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അത് പെരുമ്പാവൂരിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ട്രാവൻകൂർ റയോൺസ് കമ്പനിയെക്കുറിച്ചാണ്. വളരെയേറെ തവണ ഇവിടെ ഉന്നയിച്ചു എന്നുള്ളതുകൊണ്ട് അതിന്റെ പ്രാധാന്യത്തെ ഗവൺമെന്റ് കണക്കിലെടുത്തിട്ട് ഇന്ന് ആ കമ്പനി ഭാഗ്യവശാൽ തുറന്ന് പ്രവർത്തിക്കാൻ ഇടയായിട്ടുണ്ട്. ആയിരത്തോളം തൊഴിലാളികൾ അകത്തു കയറി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു, ബാക്കി ഏതാണ്ട് അഞ്ഞൂറോളം തൊഴിലാളികൾ വെളിയിൽ നിൽക്കുകയാണ്. നാലരവർഷക്കാലമായി വെളിയിൽ നിൽക്കുന്ന ആ തൊഴിലാളികളെക്കൂടി അകത്തോട്ട് കയറി അതിന്റെ പ്രവർത്തനം പൂർത്തിയാക്കാൻ ശ്രമിക്കണം. ഇത്രയും ചെയ്ത ഗവണ്മെന്റ് വളരെ അടിയന്തിരമായി ആ കാര്യം കൂടി ചെയ്തു തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, നാലരവർഷമായി പൂട്ടിക്കിടക്കുകയായിരുന്ന ആ ഫാക്ടറി ഗവൺമെന്റിന്റെ പരിശ്രമഫലമായി തുറന്ന് പ്രവർത്തനം ആരംഭിച്ചു. ഒരു പുനരുദ്ധാരണ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് അത് ഇപ്പോൾ പ്രവർത്തിക്കുന്നത്. 1800-ഉം തൊഴിലാളികളിൽ ആയിരത്തിൽപ്പരം തൊഴിലാളികൾക്ക് ജോലി കിട്ടി. ഏതാണ്ട് 1500 തൊഴിലാളികളുണ്ടെങ്കിലും മരിച്ചവരും റിട്ടയർ ചെയ്തവരുമൊഴിച്ച് ഇപ്പോൾ 10-500

LIBRARY ARCHIVES Kerala Legislative Assembly